**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **22-07-2021 - ൽ മറുപടിയ്ക്ക്**

**റീ ചാർജിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി തയാറാക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജിങ് സംവിധാനങ്ങളുടെ പര്യാപ്തത ആണ്. കേരള സർക്കാരിന്റെ ഈ മൊബിലിറ്റി പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിങ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെഎസ്ഇബിഎൽ നെയാണ് നോഡൽ ഏജൻസി ആയി തിരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250 ൽ പരം വരുന്ന ഒരു ചാർജിങ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെഎസ്ഇബി പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെഎസ്ഇബി യുടെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ ,കൊല്ലം 3. പാലാരിവട്ടം ,എറണാകുളം 4. വിയ്യൂർ ,തൃശ്ശൂർ 5. നല്ലളം ,കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ സംസ്ഥാന ഗവൺമെൻറിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജിങ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തി അവസാന ഘട്ടത്തിലാണ്. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാൻറ് സ്ഥാപിക്കുന്നതിന് മുൻഗണനക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാകുമെന്ന് പ്രതീക്ഷിക്കുന്നു, |
| (ബി) | ഇന്ധനവില കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയും ഇലക്ട്രിക് വാഹനങ്ങൾക്ക് താൽപര്യക്കാർ വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽ കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി തയാറാക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജിങ് സംവിധാനങ്ങളുടെ പര്യാപ്തത ആണ്. കേരള സർക്കാരിന്റെ ഈ മൊബിലിറ്റി പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിങ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെഎസ്ഇബിഎൽ നെയാണ് നോഡൽ ഏജൻസി |

ആയി തിരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250 ൽ പരം വരുന്ന ഒരു ചാർജിങ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെഎസ്ഇബി പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽ നിന്നും പ്രാരംഭഘട്ടം ആയി ആറു ജില്ലകളിൽ കെഎസ്ഇബി യുടെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7.11.2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1. നേമം, തിരുവനന്തപുരം 2. ഓലൈ ,കൊല്ലം 3. പാലാരിവട്ടം ,എറണാകുളം 4. വിയ്യൂർ ,തൃശ്ശൂർ 5. നല്ലളം ,കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ സംസ്ഥാന ഗവൺമെൻറിന്റെ ഈ മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിങ് സ്റ്റേഷനുകൾ നിർമിക്കുന്നതിനുള്ള ഭരണാനുമതി കൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി പ്രകാരമുള്ള 30 ചാർജിങ് സ്റ്റേഷനുകളുടെ നിർമാണ പ്രവർത്തനങ്ങൾ കൂടി നടന്നു വരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജിങ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തി അവസാന ഘട്ടത്തിലാണ്. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിങ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാൻറ് സ്ഥാപിക്കുന്നതിന് മുൻഗണനാക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാകുമെന്ന് പ്രതീക്ഷിക്കുന്നു, |
| (സി) | മലപ്പുറം ജില്ലയിൽ നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമാണ്; കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ മലപ്പുറം ജില്ലയിൽ കെ.എസ്.ഇ,ബി.എൽ ന്റെ ചാർജ്ജിംഗ് സ്റ്റേഷനുകൾ ഒന്നും നിലവിലില്ല. കെ.എസ്.ഇ,ബി.എൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. 1. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, മലപ്പുറം 2. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, പെരുന്തൽമണ്ണ 3. മിനി വൈദ്യുതി ഭവനം പരിസരം, വെണ്ണിയൂർ 4. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, പൊന്നാനി 5. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, തിരൂർ 6. 33 കെ.വി സബ് സ്റ്റേഷൻ പരിസരം വള്ളുവമ്പാരം 7. 110 കെ.വി സബ് സ്റ്റേഷന് പരിസരം, ചേളാരി 8. കരിപ്പൂർ ഇന്റർനാഷണൽ എയർപോർട്ട് നിലവിൽ മലപ്പുറം ജില്ലയിൽ അനെർട്ട് മുഖേനയും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് കൈക്കൊണ്ടു വരുന്നു.. |
| (ഡി) | കെ.എസ്.ഇ.ബിക്കു കീഴിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ മലപ്പുറം ജില്ലാ ആസ്ഥാനമുൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ ആരംഭിക്കുമോ? | (ഡി) | ഇപ്പോൾ മലപ്പുറം ജില്ലയിൽ കെ.എസ്.ഇ,ബി.എൽ ന്റെ ചാർജ്ജിംഗ് സ്റ്റേഷനുകൾ ഒന്നും നിലവിലില്ല. കെ.എസ്.ഇ,ബി.എൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു. 1. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, മലപ്പുറം 2. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, പെരുന്തൽമണ്ണ 3. മിനി വൈദ്യുതി ഭവനം പരിസരം, വെണ്ണിയൂർ 4. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, പൊന്നാനി 5. 110 കെ.വി സബ് സ്റ്റേഷൻ പരിസരം, തിരൂർ 6. 33 കെ.വി സബ് സ്റ്റേഷൻ പരിസരം വള്ളുവമ്പാരം 7. 110 കെ.വി സബ് സ്റ്റേഷന് പരിസരം, ചേളാരി 8. കരിപ്പൂർ ഇന്റർനാഷണൽ എയർപോർട്ട് നിലവിൽ മലപ്പുറം ജില്ലയിൽ അനെർട്ട് മുഖേനയും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് കൈക്കൊണ്ടു വരുന്നു.. |

സെക്ഷൻ ഓഫീസർ